പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.21 | 28.01.2019 ൽ മറുപടിയ്ക്ക്

# വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ സ്വീകരിക്കുന്ന നടപടികൾ

ചോദ്യം

ശ്രീ.കെ. ദാസൻ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. എം. മുകേഷ്
ശ്രീ. എം. രാജഗോപാലൻ

ഉത്തരം

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിപണി വില പിടിച്ചുനിർത്തുന്നതിന് സപ്ലൈകോ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ തനത് 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും നാഫെഡിൽ നിന്ന് പർച്ചേസ് നടത്തി വിവിധ തരത്തിലുള്ള ധാന്യങ്ങളും പൊതുവിപണി യിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു. |
| (ബി) | സപ്ലൈകോയുടെ ഫലപ്രദമായ ഇടപെടൽമൂലം സംസ്ഥാനത്ത് അരിവില എത്രത്തോളമാണ് കുറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | അരിയുടെ വിലയിലുണ്ടായ വർദ്ധനവ് തടയാൻ അരിക്കടകൾ തുടങ്ങിയും വില്പന ശാലകളിലൂടെ കൂടുതൽ അരി ലഭ്യമാക്കിയും വില നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | നിലവിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് അരി ഇറക്കുമതി ചെയ്യുന്നത്; വ്യക്തമാക്കാമോ; | (സി) | തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള അരിയാണ് പ്രധാനമായും വിതരണക്കാർ ലഭ്യമാക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്തുടനീളം നിത്യോപയോഗ സാധനങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് സപ്ലൈകോയുടെ കൂടുതൽ ഔട്ട് ലെറ്റുകൾ ആരംഭിക്കുവാനും നിലവിലുള്ളവ നവീകരിക്കുവാനും നടപടി സ്വീകരിക്കുമോ? | (ഡി) | 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ട് ഇനത്തിൽ വിൽപ്പനശാലകളുടെ നവീകരണത്തിനു വേണ്ടി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br>സപ്ലൈകോ വിൽപ്പനശാലകൾ ഇല്ലാത്ത 24 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുറക്കുന്നതിനുള്ള നടപടികൾ പ്രസ്തുത പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഇനം | പൊതുവിപണിവില (ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്) | | | | | | സപ്ലൈകോയിൽ സബ് സിഡി വില (രൂപ /കി.ഗ്രാം) |
|---|---|---|---|---|---|---|---|---|
| | | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുള്ള പൊതുവിപണി വില (25.05.2016) | 01.01.17 | 01.03.17 | 01.12.17 | 01.06.18 | 19.01.19 | |
| 1 | ജയ അരി | 30.00 | 38.33 | 46.42 | 40.00 | 37.92 | 40.00 | 25.00 |
| 2 | കുറുവ അരി | 30.00 | 36.00 | 36.57 | 39.00 | 35.21 | 37.00 | 25.00 |
| 3 | മട്ട അരി | 33.86 | 37.64 | 41.36 | 41.96 | 41.36 | 41.43 | 24.00 |
| 4 | പച്ചരി | 28.33 | 32.67 | 31.36 | 34.00 | 31.18 | 34.33 | 23.00 |

സെക്ഷൻ ഓഫീസർ